LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി സംസ്ഥാനത്തെയും ജില്ലയിലെയും മികച്ച വ്യവസായ സംരംഭങ്ങൾക്ക് ജനറൽ, വനിത, എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് സംസ്ഥാന ജില്ലാതല അവാർഡുകൾ നൽകുന്നു. സംരംഭകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി വിശേഷ അവസരങ്ങളിൽ എക്സിബിഷനുകൾ നടത്തുന്നു. അഖിലേന്ത്യാതലത്തിൽ മികച്ച ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നു. സംരംഭകർക്ക് മികച്ച മെഷീനറികൾ വാങ്ങുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ മെഷീനറി എക്സിബിഷനും നടത്തുന്നു. കിൻഫ്രയുടെ നേതൃത്വത്തിൽ മൂന്ന് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. ഇത്തരത്തിലുള്ള 5 പുതിയ സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ വ്യവസായ-വാണിജ്യ ഡയറക്ടറേറ്റ് മുഖേന രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകൾ, കിൻഫ്ര, സിഡ്കോ എന്നീ സ്ഥാപനങ്ങളുടെ പാർക്ക്/എസ്റ്റേറ്റുകളിൽ ആരംഭിച്ച വ്യവസായ യൂണിറ്റുകൾ മുതലായവയുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) വൻകിട വ്യവസായങ്ങൾക്കായി പ്രത്യേകിച്ച് സൗജന്യങ്ങൾ ഒന്നും തന്നെ നൽകുന്നില്ല. എന്നാൽ വൻകിട വ്യവസായ പദ്ധതികൾ വന്നാൽ അവർക്ക് വ്യവസായം തുടങ്ങാൻ വിവിധ വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസ് കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കുന്നതാണ്. കൂടാതെ, വ്യവസായം തുടങ്ങുവാനുള്ള ധനസഹായവും, പാട്ടക്കരാർ വ്യവസ്ഥയിൽ ഭൂമിയും കെട്ടിടവും, കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കുന്നു.

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ഐ.ഡി.സി.യുടെ സാമ്പത്തിക സഹായത്തോടെ 13 വൻകിട വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## "വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ ചെറുകിട-ഇടത്തരം സംരംഭങ്ങൾ"

**184 (6635)** ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.